26/17

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സാങ്കേതികം- KEAM 2016 അഖിലേന്ത്യാ തലത്തിൽ പ്രവേശനം ലഭിക്കുന്നതിനായി വിടുതൽ ചെയ്ത എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജസിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

**സ.ഉ.(സാധാ) നം:7/2017/ഉ.വി.വ** **തീയതി, തിരുവനന്തപുരം, 04.01.2017**

പരാമർശം:
1. സർക്കാർ ഉത്തരവ് (സാധാ) നം.2761/2015/ഉ.വി.വ തീയതി: 26.10.2015
2. സ.ഉ (സാധാ) നം.312/2016/ഉ.വി.വ തീയതി 29.01.2016.
3. പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിലെ 06.01.2016-ലെ റ്റി.എ 1-5815/2015 പ്ര.പ.ക നമ്പർ കത്ത്.

## ഉത്തരവ്

ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പൊതു പ്രവേശന റാങ്ക് ലിസ്റ്റിൽ നിന്നും എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ അവസാനിപ്പിക്കേണ്ടുന്ന തീയതിയായ 15.08.2015-ന് ശേഷം മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും അഖിലേന്ത്യ തലത്തിൽ എഞ്ചിനീയറിംഗ് /മെഡിക്കൽ കോഴ്സുകളിലേയ്ക്കും പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ വിടുതൽ ചെയ്യുന്നതിന് ലിക്വിഡേറ്റഡ് ഡാമേജസിൽ നിന്നും ഒഴിവാക്കുന്നതിനും അവർ അടച്ച ട്യൂഷൻ ഫീസ് തിരികെ കൊടുക്കുന്നതിനായി സൂചന 2-ലെ ഉത്തരവ് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. സൂചന മൂന്നിലെ കത്ത് പ്രകാരം സംസ്ഥാന സർക്കാർ അലോട്ട്മെന്റ് വഴി മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളെ ലിക്വിഡേറ്റഡ് ഡാമേജസിൽ നിന്നും ഈ വർഷവും ഒഴിവാക്കണമെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ അപേക്ഷിക്കുകയുണ്ടായി

സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പ്രവേശനം അവസാനിപ്പിച്ച 15.08.2016-ന് ശേഷം അഖിലേന്ത്യ തലത്തിൽ എഞ്ചിനീയറിംഗ്/ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും സംസ്ഥാന സർക്കാർ അലോട്ട്മെന്റ് വഴി മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ 2016-ലെ KEAM പ്രോസ്പെക്ടസിലെ വ്യവസ്ഥയായ ലിക്വിഡേറ്റഡ് ഡാമേജസിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ആഞ്ചലോസ്.ജി**
**ജോയിന്റ് സെക്രട്ടറി**

7/1/2017

പകർപ്പ്

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ,സി.സി.ഇ.കെ, ചാരച്ചിറ കവടിയാർ പി.ഒ, തിരുവനന്തപുരം -03
ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ, ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ